പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

സെപ്തംബർ 16, 2015

## ചെറുകിട വായ്പാ ബാങ്കുകൾ തുടങ്ങാൻ 10 അപേക്ഷകർക്ക് ആർ. ബി. ഐ നല്കിയ തത്ത്വത്തിലുള്ള അനുമതി.

താഴെപ്പറയുന്ന 10 അപേക്ഷകർക്ക് ആർ. ബി. ഐ., ചെറുകിട വായ്പാ ബാങ്കുകൾ സ്ഥാപിക്കാൻ തത്ത്വത്തിൽ ഉള്ള അനുമതി നല്കാൻ തീരുമാനിച്ചു. 'സ്വകാര്യമേഖലയിൽ ചെറുകിട വായ്പാ ബാങ്കുകൾക്ക് ലൈസൻസ് നൽകാൻ 2014 നവംബർ 27 - ന് നല്കിയ മാർഗ്ഗനിർദ്ദേശങ്ങൾ'ക്കനുസൃതമായാണ് ഇത്.

**തെരഞ്ഞെടുത്ത അപേക്ഷകൾ**

1. ഔ ഫിനാൻസിയേഴ്സ് (ഇൻഡ്യ) ലിമിറ്റഡ്, ജയ്പൂർ
2. ക്യാപിറ്റൽ ലോക്കൽ ഏരിയ ബാങ്ക് ലിമിറ്റഡ്, ജലന്തർ
3. ദിശ മൈക്രോഫിൻ പ്രൈവറ്റ് ലിമിറ്റഡ്, അഹമ്മദാബാദ്
4. ഇക്വിറ്റാസ് ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ
5. ഇസാഫ് (ESAF) മൈക്രോ ഫിനാൻസ് ആൻഡ് ഇൻവസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ
6. ജനലക്ഷ്മി ഫിനാൻഷ്യൽ, സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, ബംഗളൂരു.
7. ആർ ജി വി എൻ (നോർത്ത് ഈസ്റ്റ്) മൈക്രോ ഫിനാൻസ് ലിമിറ്റഡ്, ഗുവഹാത്തി
8. സൂര്യോദയ് മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്, നവി മുംബൈ
9. ഉജ്ജീവൻ ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, ബംഗളൂരു
10. ഉത്കർഷ് മൈക്രോഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്, വാരണാസി

മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള ഉപാധികളും ആർ. ബി. ഐ. ആവശ്യപ്പെടുന്ന മറ്റ് വ്യവസ്ഥകളും നിറവേറ്റുന്നതിനുവേണ്ടിയാണ് 18 മാസം പ്രാബല്യമുള്ള, ഈ തത്ത്വത്തിലുള്ള അനുമതി നല്കിയിരിക്കുന്നത്. ഈ തത്ത്വത്തിലുള്ള അനുമതിയുടെ ഭാഗമായി ആവശ്യപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ തൃപ്തികരമായി പാലിച്ചുവെന്ന് ബോദ്ധ്യപ്പെട്ടാൽ ആർ. ബി. ഐ., ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949, സെക്ഷൻ 22(1) പ്രകാരം, ബാങ്കിംഗ് ബിസിനസ്സ് തുടങ്ങാനുള്ള ലൈസൻസ് നല്കുന്നകാര്യം പരിഗണിക്കും. ക്രമപ്രകാരമുള്ള ഒരു ലൈസൻസ് നല്കുന്നതുവരെ അപേക്ഷകർ ബാങ്കിംഗ് ബിസിനസ്സ് നടത്താൻ പാടില്ല.

## തിരഞ്ഞെടുപ്പ് രീതി

ഓരോ അപേക്ഷകനെയും സംബന്ധിച്ച അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ, വിവിധ സമിതികൾ നല്കിയ അവസാന തീരുമാനത്തെ തുടർന്നാണ്, ആർ. ബി. ഐ. ഈ അപേക്ഷകരെ തിരഞ്ഞെടുത്തത്. താഴെപ്പറയുന്ന ക്രമത്തിലായിരുന്നു തിരഞ്ഞെടുപ്പ് പ്രക്രിയ.

തുടക്കത്തിൽ വേണ്ട മൂലധനം കൊണ്ടുവരാനുള്ള കഴിവുകൾ ഉൾപ്പെടെ പ്രഥമദൃഷ്ട്യാ അപേക്ഷകർക്കുള്ള യോഗ്യത, ഉടമസ്ഥതാ പദവി, സ്ഥലവാസികൾക്ക് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിട്ടുന്ന നിയന്ത്രണം എന്നിവയെ സംബന്ധിച്ച് ആർ. ബി. ഐ. യുടെ ഒരു സംഘം നടത്തിയ പ്രാഥമികപരിശോധനയുടെ ഫലമായുണ്ടായ നിഗമനങ്ങൾ, ആർ ബി ഐയുടെ മുൻ ഡെ: ഗവർണർ ശ്രീമതി ഉഷാ തോറാട്ട് ചെയർമാനായ ഒരു ബാഹ്യ ഉപദേശകസമിതിയ്ക്ക് [External Advisory Committee (EAC)] സമർപ്പിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രാഥമിക പരിശോധനയിൽ യോഗ്യതയുണ്ടെന്ന്കണ്ട അപേക്ഷകൾ, ഒരു വിശദ തുടർ പരിശോധനയ്ക്കു വേണ്ടി ഇ. എ. സി. ശുപാർശ ചെയ്തു.

ധനപരമായ ഭദ്രത, നൽകിയിട്ടുള്ള ബിസിനസ്സ് പ്ലാൻ, നിയന്ത്രകർ (regulators), അന്വേഷണ ഏജൻസികൾ, ബാങ്കുകൾ എന്നിവർ രേഖപ്പെടുത്തിയിട്ടുള്ള 'ഡ്യൂ ഡിലിജൻസ്' (due diligence) റിപ്പോർട്ടുകൾ പ്രകാരമുള്ള യോഗ്യതാ പദവി എന്നിവ വിശദാടിസ്ഥാനത്തിലുള്ള പരിശോധനയിൽ ഉൾപ്പെട്ടിരുന്നു. ബാങ്കുകളില്ലാത്തയിടങ്ങളും, ഭാഗികമായിമാത്രം ബാങ്കിംഗ് സേവനം ലഭിച്ചിരുന്നതുമായ ജനവിഭാഗങ്ങളും ലക്ഷ്യമാക്കിയവയാണോ എന്നതായിരുന്നു ഒരു പ്രധാന ഘടകം. അപേക്ഷകളിൽ നൽകിയിരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇ എ സി (EAC) പലവട്ടം വിശദമായ ചർച്ചകൾ നടത്തിയതിനു ശേഷം ആർ ബി ഐയ്ക്ക്, അതിന്റെ ശുപാർശകൾ നൽകി.

ആർ. ബി. ഐ. യുടെ ഗവർണറും നാല് ഡെപ്യൂട്ടി ഗവർണർമാരും അടങ്ങിയ ഒരു ആഭ്യന്തര പരിശോധനാസമിതി (ഐ. എസ്. സി. ISC), അപേക്ഷകൾ പരിശോധിച്ചു. ഈ. എ. സി. നൽകിയ ശുപാർശകളുടെ യുക്തിയുക്തത ഐ. എസ്. സി. അവധാനപൂർവ്വം പരിശോധിച്ചു. എല്ലാ അപേക്ഷകളും പരിശോധിച്ചശേഷം, ആർ ബി ഐയുടെ സെൻട്രൽ ബോർഡിലെ സമിതിയ്ക്ക് (സി. സി. ബി. CCB) ഐ. എസ്. സി, അതിന്റെ സ്വതന്ത്രമായ ശുപാർശകൾ സമർപ്പിച്ചു. 2015 സെപ്തംബർ 16-ാം തീയതിയിലെ സി. സി. ബിയുടെ യോഗത്തിൽ സി. സി. ബി. യിലെ മറ്റംഗങ്ങൾ, ഇ. എ. സി. യുടെയും, ഐ. എസ്. സി. യുടെയും ശുപാർശകൾ പഠിച്ച് തത്ത്വത്തിൽ അനുമതിനൽകേണ്ട അപേക്ഷകരുടെ പട്ടിക തയാറാക്കി. ഇ. എ. സി. യുടെ അദ്ധ്യക്ഷയേയും കമ്മിറ്റിയുടെ ശുപാർശകളെ സംബന്ധിച്ചുള്ള യുക്തിയുക്തത വിശദമാക്കാൻ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

വരുംകാലങ്ങളിൽ ആർ ബി ഐ ഈ ലൈസൻസിംഗ് പ്രക്രിയയിൽ നിന്നും പഠിച്ചകാര്യങ്ങളുപയോഗിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ, യുക്തമായ രീതിയിൽ പുനരാവിഷ്കരിക്കാനും, 'ഞൊടി'യിലെന്നോണം ലൈസൻസുകൾ തുടർന്നും നൽകാനും ഉദ്ദേശിക്കുന്നു.

**പശ്ചാത്തലം**

ഇൻഡ്യൻ സാഹചര്യങ്ങളിൽ ചെറുകിട ബാങ്കുകൾക്കുള്ള പ്രസക്തി ധനകാര്യ മേഖലാ പരിഷ്കരണ സമിതി (ചെയർമാൻ ഡോ: രഘുറാംരാജൻ) പരിശോധിച്ചിരുന്നുവെന്ന കാര്യം ഓർക്കുമല്ലോ. ചെറുകിട ബാങ്കുകൾക്ക് ലൈസൻസുനൽകുക എന്ന പരീക്ഷണം ആവശ്യപ്പെടുന്ന രീതിയിൽ സാഹചര്യങ്ങളിൽ വേണ്ടത്ര മാറ്റമുണ്ടായിട്ടുണ്ട് എന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നു. നല്ലരീതിയിൽ ഭരണം നടത്തുന്നവയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവയും, ഭൂമിശാസ്ത്രപരമായി കേന്ദ്രീകരിക്കുന്നതിനാലും അധിക മൂലധന നിക്ഷേപം ആവശ്യപ്പെടുന്നതിനാലും, ബന്ധുക്കളുമായുള്ള ഇടപാടുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിനാലും, അനുവദനീയമായതരത്തിൽ ചുരുങ്ങിയ സാന്ദ്രതാ ഉപാധികൾ (concentration) സ്വീകരിക്കുന്നതിനാലും നഷ്ട സാദ്ധ്യത കുറയ്ക്കുന്നതിനാൽ സ്വകാര്യ ചെറുകിടവായ്പാബാങ്കുകളെ (small finance banks) ഈ രംഗത്ത് പ്രവേശിപ്പിക്കാമെന്ന് സമിതി ശുപാർശ ചെയ്തു. ഇക്കാര്യം ആർ ബി ഐയുടെ വെബ് സൈറ്റിൽ 2013 ആഗസ്റ്റ് 27-ാം തീയതി പ്രസിദ്ധീകരിച്ച 'ഭാരതീയ ബാങ്കിംഗ് ഘടന-മുന്നോട്ടുള്ള പ്രയാണം' എന്ന വിഷയത്തിലുള്ള ചർച്ചാരേഖയിൽ ആവർത്തിച്ചിട്ടുണ്ട്.

2014 ജൂലൈ 10-ാം തീയതി അവതരിപ്പിച്ച 2014-2015 ലെ കേന്ദ്ര ബഡ്ജറ്റിൽ ബഹു. ധനമന്ത്രി ഇപ്രകാരം പ്രഖ്യാപിച്ചു.

'ഇപ്പോഴത്തെ രൂപഘടനയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി, ആഗോള സ്വകാര്യബാങ്കുകളെ തുടർച്ചയായി അധികാരപ്പെടുത്തുന്ന ഒരു ഘടന ഈ ധനവർഷത്തിൽ നടപ്പിലാക്കുന്നതാണ്. ചെറുകിടബാങ്കുകൾക്കും, മാറ്റി നിർത്തിയിരിക്കുന്ന മറ്റ് ബാങ്കുകൾക്കും ലൈസൻസുകൾ നൽകുന്നതിനു വേണ്ടി ആർ. ബി. ഐ. ഒരു രൂപ ഘടന നിർമ്മിക്കും. ലോക്കൽ ഏരിയാ ബാങ്കുകൾ, പെയ്മെന്റ് ബാങ്കുകൾ, പ്രത്യേക താല്പര്യങ്ങൾ നിർവഹിച്ചു നൽകുന്ന ബാങ്കുകൾ എന്നിവ ചെറുകിട വ്യാപാരികൾ, അസംഘടിത മേഖലകൾ, താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾ, കൃഷിക്കാർ, കുടിയേറ്റ തൊഴിലാളിവൃന്ദങ്ങൾ എന്നിവരുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു'

പൊതുജനാഭിപ്രായത്തിനുവേണ്ടി ചെറുകിടവായ്പാബാങ്കുകൾക്ക് ലൈസൻസ് നല്കുന്നതിനുള്ള കരടുമാർഗ്ഗ നിർദ്ദേശങ്ങൾ 2014 ജൂലൈ 17-ാം തീയതി

പ്രസിദ്ധീകരിച്ചിരുന്നു. കരടുമാർഗ്ഗനിർദ്ദേശങ്ങളിന്മേൽ ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2014 നവംബർ 27-ാം തീയതി ചെറുകിടവ്യാപാരബാങ്കുകൾക്ക് ലൈസൻസുകൾ നൽകാനുള്ള അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു 72 അപേക്ഷകളാണ് റിസർവ് ബാങ്കിനു ലഭിച്ചത്. മൈക്രോസെക് റിസോഴ്സസ് കൊൽക്കറ്റാ അതിന്റെ അപേക്ഷ പിൻവലിച്ചു.

ശ്രീ അജയ് സിംഗും കൂട്ടരും നൽകിയ മറ്റൊരപേക്ഷയുടെ കാര്യത്തിൽ രണ്ടു സഹസ്ഥാപകർ അവരുടെ അംഗത്വം പിൻവലിച്ചതിനാൽ നൽകിയ അപേക്ഷ പിൻവലിക്കപ്പെട്ടതായി കണക്കാക്കി.

**കൂടുതൽ വസ്തുതകൾ**

പ്രാഥമിക യോഗ്യത പരിശോധിക്കുന്ന ആദ്യഘട്ടത്തിൽ തന്നെ അപേക്ഷകൾ ഒരു ബാഹ്യ ഉപദേശകസമിതി (EAC) യുടെ പരിഗണനയ്ക്ക് വിടുമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ തന്നെ പറഞ്ഞിരുന്നു. ഇതനുസരിച്ച് അപേക്ഷകൾ പരിശോധിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ അപേക്ഷകർക്ക് ലൈസൻസുകൾ ശുപാർശ ചെയ്യാനുമായി റിസർവ് ബാങ്കിന്റെ മുൻ ഡെപ്യൂട്ടി ഗവർണർ ശ്രീമതി. ഉഷാ തോറാട്ട് അദ്ധ്യക്ഷയായുള്ള ഒരു EAC, 2015 ഫെബ്രുവരി 4-ാം തീയതി രൂപീകരിച്ചു. സെബി (SEBI) യിലെ മുൻ അംഗമായ ശ്രീ. എം. എസ്. സാഹു, ഇൻഡ്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റ് (IIM) ബാംഗ്ലൂർലെ പ്രൊഫസറായ ശ്രീ. എം. എസ്. ശ്രീറാം, നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ അദ്ധ്യക്ഷൻ ശ്രീ. എം. ബാലചന്ദ്രൻ എന്നിവരായിരുന്നു സമിതിയിലെ മറ്റംഗങ്ങൾ. കോംപെറ്റിഷൻ കമ്മിഷൻ ചെയർമാനായി നിയമിതനായതിനാൽ ശ്രീ. എം. എസ്. സാഹു കമ്മിറ്റിയിൽ നിന്നും പിൻമാറി. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇൻഡ്യയുടെ വൈസ് ചെയർമാനായ ശ്രീ. രവിനാരായിനെ ഏപ്രിൽ 2015-ൽ റിസർച്ച് ബാങ്ക് കമ്മിറ്റിയിൽ നിയമിച്ചു.

**പ്രസ്സ് റിലീസ് 2015-2016/693** **അല്പനാ കില്ലാവാല**

പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ